"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ഉപയോഗ യോഗ്യമല്ലാതായ വാഹനത്തിന് പകരം വാഹനം അനുവദിക്കുന്നതിനുള്ള അപേക്ഷ - പരപ്പനങ്ങാടി എക്സൈസ് റേഞ്ച് ഓഫീസിലെ അബ്കാരി ക്രൈം നമ്പർ 63/21- ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL -09-AJ-2252 നമ്പർ "Hundai i20" കാർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1281/2024/LSGD തീയതി,തിരുവനന്തപുരം, 15-07-2024

---

പരാമർശം:-
1. 24.02.2003 തിയതിയിലെ സ.ഉ.(കൈ)നം.113/2003/ധന
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.08.2023 തിയതിയിലെ 7487/C/2009/KSHO നം കത്ത്.
3. 28/06/2024-ലെ സ.ഉ.(സാധാ)നം.572/2024/ടാക്സസ്

**ഉത്തരവ്**

പരപ്പനങ്ങാടി എക്സൈസ് റേഞ്ച് ഓഫീസിലെ അബ്കാരി ക്രൈം നമ്പർ 63/21 - ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL -09-AJ-2252 നമ്പർ "Hundai i20" കാർ തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ ഔദ്യോഗിക ഉപയോഗത്തിനായി 1996- ലെ കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം സൗജന്യമായി അനുവദിച്ച് പരാമർശം -3 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. കുടുംബശ്രീക്ക് നിലവിൽ അനുവദിച്ചിട്ടുള്ള KL- 01 - T - 8495 നംബർ അംബാസ്സഡർ കാർ കാലപ്പഴക്കം കൊണ്ട് ഉപയോഗ യോഗ്യമല്ലാതായെന്നും പ്രസ്തുത വാഹനത്തിന്റെ ഡ്രൈവർക്ക് വാഹനം പകരം അനുവദിക്കാനാകാത്ത അവസ്ഥയാണുള്ളതെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം -2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഉപയോഗ യോഗ്യമല്ലാതായ പ്രസ്തുത വാഹനത്തിന് പകരം മറ്റൊരു വാഹനം അനുവദിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം -3 പ്രകാരം തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന് അനുവദിച്ച KL -09-AJ-2252 നമ്പർ "Hundai i20" വാഹനത്തിന്റെ ഉടമസ്ഥാവകാശം കുടുംബശ്രീയ്ക്ക് നൽകിക്കൊണ്ടും വാഹനത്തിന്റെ ഇന്ധനം, സർവ്വീസ് ചാർജ്ജ് തുടങ്ങിയ എല്ലാ ചെലവുകളും കുടുംബശ്രീ വഹിക്കേണ്ടതാണെന്നും വാഹനം തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ

ഉപയോഗിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്തുത വാഹനം എക്സൈസ് വകുപ്പിൽ നിന്നും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
നികുതി (എഫ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/98/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 15-07-2024 13:00:36
സെക്ഷൻ ഓഫീസർ